ആരക്കുഴ - കല്ലൂർ റോഡിന്റെ ടെൻഡർ നടപടി

219 (4573) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ആർ.എഫ്. പദ്ധതിപ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള മൂവാറ്റുപുഴ മണ്ഡലത്തിലെ ആരക്കുഴ-കല്ലൂർ റോഡിന്റെ ടെണ്ടർ നടപടികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സി.ആർ.എഫ്. പദ്ധതിപ്രകാരം ഭരണാനുമതിക്കായി അയച്ച എസ്റ്റിമേറ്റ് ആരക്കുഴ - വാഴക്കുളം - കല്ലൂർക്കാട് - കല്ലൂർ (0/00 മുതൽ 10/00) ആയിരുന്നു. എന്നാൽ ഭരണാനുമതി ലഭിച്ച പദ്ധതിയുടെ പേര് ആരക്കുഴ - വാഴക്കുളം - നീരമ്പുഴ - കല്ലൂർ റോഡ് (0/00 മുതൽ 14/200) എന്നാണ്. ഇക്കാരണത്താൽ ഭരണാനുമതി ലഭിച്ച പദ്ധതി പ്രകാരമുള്ള എസ്റ്റിമേറ്റ് വീണ്ടും തയ്യാറാക്കി അതിനുള്ള ടെക്നിക്കൽ അനുമതി നൽകേണ്ടതായി വന്നു. ഇത് കുറച്ച് കാലതാമസം ഉണ്ടാക്കി. ഇപ്പോൾ ടെൻഡർ നടപടികൾ പൂർത്തിയാക്കി ടെൻഡർ എക്സസിന്റെ 10 ശതമാനത്തിലും കൂടുതലായതിനാൽ ഗവൺമെന്റിന്റെ ടെൻഡർ കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ടെൻഡർ അംഗീകരിച്ചു കിട്ടിയാൽ കരാറുകാരൻ എഗ്രിമെന്റ് വച്ചതിന് ശേഷം ഒരു മാസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കുവാൻ കഴിയും.

കുമ്പാറ - ആനക്കല്ലുംപാറ - അകമ്പുഴ കക്കാടംപൊയിൽ റോഡ്

220 (4574) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡ് ധനസഹായത്തോടെ ഭരണാനുമതി ലഭിക്കാൻ നിർദ്ദേശിച്ചിരുന്ന കുമ്പാറ-ആനക്കല്ലുംപാറ-അകമ്പുഴ-കക്കാടംപൊയിൽ റോഡ് പ്രവൃത്തി നിർദ്ദേശത്തിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നു വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്നത്തേക്ക് ഭരണാനുമതി ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly